ഉച്ചഭക്ഷണത്തിന് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അരിയും ആയതിനുള്ള വിലയും (മെട്രിക് ടണ്ണിന് 5650 രൂപ) എഫ്.സി.ഐ.-യിൽ നിന്നും അരി ലിഫ്റ്റ് ചെയ്യുന്നതിന് കടത്തുകൂലിയായി മെട്രിക് ടണ്ണിന് 750 രൂപയും കുട്ടികൾക്ക് പോഷകപ്രദമായ ആഹാരം നൽകുന്നതിന് (പച്ചക്കറി, പലവ്യഞ്ജനം, എണ്ണ, വിറക് മുതലായവ) പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം കുട്ടികൾക്ക് യഥാക്രമം 2.82 രൂപ, 4.23 രൂപ നിരക്കിൽ അനുവദിക്കുന്നു. സ്കൂൾ പാചക തൊഴിലാളികൾക്ക് മാസം 750 രൂപയും പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് അരിയുടെ വില, കടത്തുകൂലി, കണ്ടിജന്റ് ചാർജ്ജ്, പാചക തൊഴിലാളികളുടെ വേതനം എന്നിവയുടെ ആകെ തുകയുടെ 1.8% തുകയും അനുവദിച്ചു നൽകുന്നു. സംസ്ഥാനം അരിയുടെ കടത്തുകൂലിയായി കേന്ദ്രവിഹിതം കൂടാതെ മെട്രിക് ടണ്ണിന് 1400 രൂപയും കണ്ടിജന്റ് ചാർജ് ഇനത്തിൽ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് കുട്ടി ഒന്നിന് യഥാക്രമം 2.18 രൂപ, 77 പൈസ എന്നീ നിരക്കിൽ അനുവദിക്കുകയും സ്കൂൾ പാചക തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തിദിവസം മിനിമം 350 രൂപ മുതൽ പരമാവധി 400 രൂപ നിരക്കിലും വേതനം നൽകി വരുന്നു.

(ഡി) 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5 രൂപയും 350 രൂപ പാചകകൂലിയും 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6 രൂപ (പാചക കൂലി ഉൾപ്പെടെ) 501-ന് മുകളിൽ വരുന്ന സ്കൂളുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ വീതവും (പാചക കൂലി ഉൾപ്പെടെ) എന്ന നിരക്കിൽ നിലവിൽ പ്രവൃത്തി ദിവസം സ്കൂളുകൾക്ക് അനുവദിച്ചുനൽകുന്നു. ടി തുക തികയാതെ വരുന്ന പക്ഷം അടുത്ത ഗഡുക്കളായി വീണ്ടും ഇതേ രീതിയിൽ തുക അനുവദിച്ചു നൽകുന്നുമുണ്ട്.

സ്കൂളുകൾക്ക് അംഗീകാരം

117 (1194) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര എയിഡഡ് സ്കൂളുകൾക്കും എത്ര അൺ എയിഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുമതിയില്ലാതെ എത്ര അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുമതിക്കായി എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിനു മുന്നിലുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര സ്കൂളുകൾ ഏറ്റെടുത്തെന്നും എത്ര സർക്കാർ സ്കൂളുകൾ ആരംഭിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ. (കൈ)നമ്പർ 184/13/പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (കൈ)നമ്പർ 863/2015/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്.

തിരുവനന്തപുരം	-	22
കൊല്ലം	-	37
പത്തനംതിട്ട	-	8
ആലപ്പുഴ	-	12
കോട്ടയം	-	13
ഇടുക്കി	-	18
എറണാകുളം	-	15
തൃശ്ശൂർ	-	26
പാലക്കാട്	-	32
മലപ്പുറം	-	80
കോഴിക്കോട്	-	46
വയനാട്	-	10
കണ്ണൂർ	-	29
കാസർഗോഡ്	-	48
ആകെ		396

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ ചെമ്പ്ര പ്രദേശത്ത് ഒരു പുതിയ എയ്ഡഡ് യു.പി. സ്കൂൾ ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 25-2-2015-ലെ സ.ഉ. (കൈ)നമ്പർ 57/15/പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

തിരുവനന്തപുരം	-	56
കൊല്ലം	-	52
പത്തനംതിട്ട	-	16
ആലപ്പുഴ	-	33
കോട്ടയം	-	44
ഇടുക്കി	-	23
എറണാകുളം	-	72
തൃശ്ശൂർ	-	56
പാലക്കാട്	-	27
മലപ്പുറം	-	61
കോഴിക്കോട്	-	33
വയനാട്	-	15
കണ്ണൂർ	-	38
കാസർഗോഡ്	-	29
ആകെ		555

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല.

(സി)2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ. (കൈ)നമ്പർ 184/13/പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ മുഖേന അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്കാണ് അംഗീകാരം നൽകുന്ന കാര്യം സർക്കാർ തലത്തിൽ പരിഗണിക്കുന്നത്.

(ഡി) വിവരം ശേഖരിച്ച നൽകുന്നതാണ്.

എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മാണം

118 (1195) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ബഡ്ജറ്റിൽ ഇതിനായി ഏത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ ജില്ല വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 5.25 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

119 (1196) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര ; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുക എത്ര;

(സി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly